10/03/22

30/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.1568 (5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 6968/SIC-G7/2018**

സന്നിഹിത
ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ.മാമൂട്ടിൽ ചാക്കോ ജോസഫ്,
മാമൂട്ടിൽ, തൃക്കൊടിത്താനം പി.ഒ,
പിൻ – 686 105.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വില്ലേജ് ഓഫീസ്, തൃക്കൊടിത്താനം,
ചങ്ങനാശ്ശേരി.**

2. **അപ്പീൽ അധികാരി,
താലൂക്ക് ഓഫീസ്, ചങ്ങനാശ്ശേരി.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 12.02.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | NIL |
| ഒന്നാം അപ്പീൽ | 17.04.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 10.05.2018 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 01.07.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 05.11.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നില്ല |

## ഉത്തരവ്

05.11.2021 ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, ഹർജിക്കാരനും എതിർകക്ഷിയും കമ്മീഷൻ മുമ്പാകെ നൽകിയ വിശദീകരണവും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. ഹർജിക്കാരൻ ടിയാന്റെ കെട്ടിടത്തിന്റെ നികുതിയുമായി ബന്ധപ്പെട്ട വിവരം ആവശ്യപ്പെട്ടതിന് എസ്.പി.ഐ.ഒ മറുപടി ലഭ്യമാക്കാത്തതിനാൽ 17.04.2018 ന് അപ്പീൽ സമർപ്പിക്കുകയും ടി അപ്പീൽ 10.05.2018 ൽ തീർപ്പാക്കുകയും ചെയ്തു.

3. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട സ്കെച്ച് ഹിയറിംഗ് നോട്ടീസ്, ഫോം 3 എന്നിവയുടെ പകർപ്പുകൾ നൽകേണ്ടതാണെന്ന് അപ്പീൽ അധികാരി എസ്.പി.ഐ.ഒ യ്ക്ക് ഉത്തരവ് നൽകിയിട്ടും പ്രസ്തുത മറുപടി എസ്.പി.ഐ.ഒ നൽകിയതായി കമ്മീഷൻ കാണുന്നില്ല. ഹിയറിംഗിനായി ഫോൺ നമ്പർ ലഭ്യമാക്കേണ്ടതാണെന്ന് 27.10.2021 ലെ കത്ത് മുഖാന്തിരം എസ്.പി.ഐ.ഒ യെ അറിയിച്ചതനുസരിച്ച് നമ്പർ ലഭ്യമാക്കിയെങ്കിലും പ്രസ്തുത സമയത്ത് എസ്.പി.ഐ.ഒ യുടെ ഫോൺ സ്വിച്ച്ഓഫ് ആയിരുന്നു. മാത്രമല്ല കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയെങ്കിലും റിപ്പോർട്ടും സമർപ്പിച്ചതായി കമ്മീഷൻ കാണുന്നില്ല. ഹിയറിംഗിൽ ഹാജരാകാതിരിക്കുകയും സമയബന്ധിതമായി മറുപടി നൽകാതിരിക്കുകയും ചെയ്ത എസ്.പി.ഐ.ഒ. യുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശനിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

4. വിവരാവകാശ നിയമപ്രകാരം 12.02.2018 ന് ഹർജിക്കാരൻ സമർപ്പിച്ച 6(1) അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ടിയാന് സൗജന്യമായി ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
Jn